# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.4603 | 25/06/2019 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ റീസർവ്വെ നടപടികൾ

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ റീസർവ്വെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ആകെയുള്ള 128 വില്ലേജുകളിൽ 23 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 3 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പുരോഗതിയിലുമാണ്. റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർവ്വേയും ഭൂരേഖയും വകുപ്പ് മുന്നേറുന്നത്. എന്നാൽ റീസർവ്വെ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാൻഡ് അസൈൻമെന്റ്, ലാൻഡ് അക്വിസേഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വെ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവെ തുടങ്ങിയ അടിയന്തിര പ്രാധാന്യമുള്ള സർവ്വെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജോലികൾക്ക് അനുവദിച്ചതിലും കൂടുതലായി ആവശ്യമുള്ള ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. കൂടാതെ ഇൻഡസ്ട്രിയൽ, വഖഫ് തുടങ്ങിയ എല്ലാ ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വെ പ്രവർത്തനങ്ങളും റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് ജീവനക്കാരെ നിയോഗിച്ച് നിർവ്വഹിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | മേൽ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ റീസർവ്വെ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നത് കണക്കാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | റീസർവ്വെയിലെ അപാകത ചൂണ്ടിക്കാണിച്ചത് പരിഹരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര അപേക്ഷകളാണ് തീർപ്പ് കല്പിക്കാനുള്ളതെന്ന് അറിയിക്കാമോ? | (ബി) | റീസർവ്വെ ജോലികൾ നടന്നു വരുന്ന അവസരത്തിൽ കൈവശ വസ്തുക്കൾക്ക് വ്യക്തമായ അതിർത്തിയില്ലാതെ വരിക, അതിർത്തികളിൽ തർക്കം നിലനിൽക്കുക, വസ്തുവിന്റെ പ്രമാണ പ്രകാരമുള്ള വിസ്തീർണ്ണവും റീസർവ്വെ പ്രകാരമുള്ള വിസ്തീർണ്ണവും വ്യത്യാസപ്പെടുക തുടങ്ങിയ കാരണങ്ങളാലാണ് റീസർവ്വെയിൽ പരാതികൾ ഉണ്ടാകുന്നത്. റീസർവ്വെ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ളവരെ മറ്റ് സർവ്വെകൾക്കായി നിയോഗിക്കുന്നത് റീസർവ്വെ പരാതികൾ പരിഹരിക്കുന്നത് വൈകുന്നതിന് കാരണമാകാറുണ്ട്. ഇത്തരത്തിലുള്ള 5237 അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ